# ഹമാസ് തോൽക്കുന്നില്ല

ലേഖനം

●


ഡോ. അബ്ദുസ്സലാം വാണിയമ്പലം

**കഴിഞ്ഞ** ഡിസംബർ 27 ന് ഇസ്രയേൽ ആരംഭിച്ച ഗസ്സ ഹോളോകാസ്റ്റിന്റെ മുഖ്യ പ്രേരകമെന്ത്? അറബ് ഭരണാധികാരികൾ മുമ്പെന്നത്തേക്കാളും ഇത്തവണ തീർത്തും നിഷ്ക്രിയ നിലപാട് സ്വീകരിച്ചതിന്റെ കാരണമെന്ത്? ഇസ്രയേൽ നടത്തുന്ന നരമേധത്തിൽ ചില അറബ് ഭരണാധികാരികൾ കൂടി പങ്കുവഹിച്ചുവെന്നു വിശ്വസിക്കപ്പെടുന്നതെന്തുകൊണ്ട് ?

ഉത്തരം വ്യക്തം. മറുപക്ഷത്തുള്ളത് ഹമാസ് എന്ന ശക്തമായ ഇസ്‌ലാമിക ചെറുത്തുനിൽപ്പു പ്രസ്ഥാനമാണ്. യുദ്ധത്തിന്റെ ലക്ഷ്യമായി ഇസ്രയേൽ അധികാരികൾ പ്രഖ്യാപിച്ചിരിക്കുന്നത്, ഗസ്സയിൽ ഹമാസിന്റെ ഭരണം അവസാനിപ്പിക്കുക എന്നതാണ്. യുദ്ധത്തിലൂടെ മാരകമായ നാശനഷ്ടങ്ങളും ജീവഹാനിയുമുണ്ടാക്കി സർവതിന്റെയും കാരണക്കാർ എന്നാരോപിച്ച് ഫലസ്തീനിൽ ഹമാസിനെതിരെ ജനവികാരം സൃഷ്ടിക്കാം, അങ്ങനെ ആഭ്യന്തരമായി തന്നെ ഹമാസിനെ ഒറ്റപ്പെടുത്താം, ചുരുങ്ങിയത് ഹമാസിന്റെ ശക്തി നശിപ്പിച്ചുകൊണ്ട് തങ്ങളുടെ കരാറുകൾ അംഗീകരിപ്പിച്ച് ഫത്ഹിനെ ചെയ്തതുപോലെ ഏത്തമിടീക്കാം എന്നൊക്കെയാണ് ജൂതരാഷ്ട്രത്തിന്റെ കണക്കുകൂട്ടൽ.

ഈജിപ്തിന്റെ കിഴക്കൻ അതിർത്തിയിൽ ഒരു ഇസ്‌ലാമിക രാഷ്ട്രം അനുവദിക്കില്ലെന്ന ദൃഢനിശ്ചയമുള്ളതുകൊണ്ട് അത്തരമൊരു ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ശിൽപികളായ ഹമാസ് അവസാനിക്കേണ്ടത് ഈജിപ്തിന്റെയും ആവശ്യമാണ്. ഇസ്‌ലാമിക രാഷ്ട്രീയത്തെ ഉയർത്തിപ്പിടിക്കുന്ന അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ജനസ്വാധീനത്താൽ ആടിയുലയുന്ന ഈജിപ്ഷ്യൻ സ്വേഛാധിപത്യ സർക്കാരിന് അതേ ഇഖ്‌വാന്റെ ഭാഗമായ ഹമാസ്, തങ്ങളുടെ അതിർത്തിക്കടുത്ത് ഒരിസ്‌ലാമിക പ്രവിശ്യ കൊണ്ടുനടത്തുന്നത് സഹിക്കാനാവുമായിരുന്നില്ല. തീവ്ര ഇസ്‌ലാം വിരോധിയായ ഫലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് ഈ നാടകത്തിൽ സയണിസ്റ്റുകളോടും ഈജിപ്തിനോടുമൊപ്പം തിമർത്താടിയതും അപ്രതീക്ഷിതമല്ല.

പക്ഷേ, എല്ലാവരുടെയും കണക്കുകൂട്ടലുകൾ ഒന്നൊന്നായി തെറ്റുന്നതായാണ് യുദ്ധം രണ്ടാഴ്ച പിന്നിടുമ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഹമാസിന്റെ അൽ ഖസ്സാം ബറ്റാലിയനുകൾ ശക്തമായി തിരിച്ചടിച്ചുകൊണ്ടിരിക്കുന്നു. ഇതെഴുതുമ്പോൾ ഇസ്രയേൽ സൈന്യ



*ശൈഖ് അഹ്മദ് യാസീൻ*



*ഡോ. അബ്ദുൽ അസീസ് റൻതീസി*

ത്തിലെ മേലുദ്യോഗസ്ഥരടക്കം 32 സൈനികരെ അവർ വധിച്ചുകഴിഞ്ഞു. പത്തിലധികം പേരെ ബന്ദികളായി പിടിച്ചു. നൂറിലധികം സൈനികർക്ക് മാരകമായ പരിക്കേൽപിച്ചു. ഇസ്രയേൽ സൈന്യം ബോംബുവർഷം തുടരുമ്പോഴും ദിനേന ഹമാസിന്റെ ഇരുപതിനും മുപ്പതിനുമിടയിൽ അൽഖസ്സാം മിസൈലുകൾ ഇസ്രയേലിൽ പതിച്ചുകൊണ്ടിരിക്കുന്നു. നേരത്തെ 18 കിലോമീറ്ററായിരുന്നു അവയുടെ ദൂരമെങ്കിൽ യുദ്ധത്തിനിടയിൽ 60 കിലോമീറ്റർ വരെ ദൂരത്തിൽ പതിച്ചുതുടങ്ങിയത് ഇസ്രയേലിനെ അമ്പരപ്പിക്കുന്നു. ഹമാസ് പോരാളികൾ വികസിപ്പിച്ചെടുത്ത അൽഖസ്സാം മിസൈലുകളെ ചെറുക്കാൻ, ലോകത്ത് ആയുധ ശക്തിയിൽ നാലാം സ്ഥാനത്തു നിൽക്കുന്ന, നാനൂറിലധികം ആണവായുധം സൂക്ഷിക്കുന്ന ഇസ്രയേലിന് ഇതുവരെ സാധിച്ചിട്ടില്ല. യുദ്ധമാരംഭിച്ചതോടെ ഹമാസിന്റെ മിസൈൽ വർഷം ശക്തമായതും ഇസ്രയേൽ പൗരന്മാർ ഷെൽട്ടറുകളിൽ കഴിയേണ്ടിവരുന്ന യുദ്ധാവസ്ഥ സംജാതമായതും 3 ലക്ഷം ഫലസ്ത്വീനികളുടെ 'വില'യുള്ള മുപ്പതു ജൂതന്മാരുടെ മൃത ശരീരങ്ങൾ ശവമഞ്ചങ്ങളിലേറി ഇസ്രയേലിലേക്ക് വരുന്നതും, അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ മൈലേജ് പ്രതീക്ഷിച്ച് യുദ്ധത്തിനിറങ്ങിയ തങ്ങൾക്ക് തിരിച്ചടിയായേക്കുമെന്ന ജാള്യത്തിലാണിപ്പോൾ ഒൽമർട്ടും ബറാക്കും ലെവ്നിയുമുൾപ്പെട്ട യുദ്ധപ്രഭുക്കൾ.

**ഈജിപ്തിന്റെ കിഴക്കൻ അതിർത്തിയിൽ ഒരു ഇസ്‌ലാമിക രാഷ്ട്രം അനുവദിക്കില്ലെന്ന ദൃഢനിശ്ചയമുള്ളതുകൊണ്ട് അത്തരമൊരു ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ശിൽപികളായ ഹമാസ് അവസാനിക്കേണ്ടത് ഈജിപ്തിന്റെയും ആവശ്യമാണ്. ഇസ്‌ലാമിക രാഷ്ട്രീയത്തെ ഉയർത്തിപ്പിടിക്കുന്ന അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ജനസ്വാധീനത്താൽ ആടിയുലയുന്ന ഈജിപ്ഷ്യൻ സ്വേഛാധിപത്യ സർക്കാരിന് അതേ ഇഖ്‌വാന്റെ ഭാഗമായ ഹമാസ്, തങ്ങളുടെ അതിർത്തിക്കടുത്ത് ഒരിസ്‌ലാമിക പ്രവിശ്യ കൊണ്ടുനടത്തുന്നത് സഹിക്കാനാവുമായിരുന്നില്ല.**

ഇതൊക്കെയും സാക്ഷാൽ യുദ്ധം ആരംഭിക്കുന്നതിനുമുമ്പുള്ള കഥ. ഇസ്രയേൽ സൈന്യം ഇപ്പോഴും ഗസ്സയുടെ ഉൾപ്രദേശങ്ങളിലേക്ക് കയറിയിട്ടില്ല. പുറംപ്രദേശങ്ങളിൽ കേന്ദ്രീകരിച്ച് ഹമാസ് പോരാളികളെ അങ്ങോട്ടുവരുത്താമെന്നായിരുന്നു തന്ത്രം, അവിടെ വെച്ച് നശിപ്പിക്കാനെളുപ്പമാകുമെന്ന പ്രതീക്ഷയിൽ. പക്ഷേ അതു തിരിച്ചറിഞ്ഞ, കൂടുതൽ തന്ത്രശാലികളായ ഹമാസ് പോരാളികൾ പൂർണമായും ഗസ്സയുടെ അകത്തേക്ക് കയറി ജൂത സൈന്യത്തെ നേരിടാനായി കാത്തിരിക്കുകയാണ്. ഹമാസിന്റെ നേതൃത്വത്തിനോ പോരാളി വിഭാഗത്തിനോ പോറലേൽപിക്കാൻ ഇതുവരെ ഇസ്രയേൽ സേനക്ക് സാധിച്ചിട്ടില്ല. ഉന്നംവെച്ചവരെ ലഭിക്കാതെ വരുമ്പോൾ നിരപരാധികളെ വധിച്ച്, കൊല്ലപ്പെട്ടവരുടെ എണ്ണം വർധിപ്പിച്ച് മേനിനടിക്കുക ഇസ്രയേൽ സൈന്യത്തിന്റെ പതിവാണ്.

യുദ്ധം തുടങ്ങി അഞ്ചുദിവസം കഴിഞ്ഞാണ് അറബ് ഭരണാധികാരികൾ ഒരുമിച്ചുകൂടിയത്. സുഡാൻ പ്രസിഡന്റ് ഉമറുൽ ബശീർ അതേപ്പറ്റി ആദ്യമേ പരിഹാസപൂർവം പറഞ്ഞു, അപ്പോഴേക്കും പരമാവധി കൊന്നൊടുക്കാനുള്ള സാവകാശമാവും എന്ന്. അതിനിടയിൽ തന്നെ ഹമാസ് കീഴടങ്ങും എന്ന് ചിലർ മനപ്പായസമുണ്ടു.

എന്നാൽ ലക്ഷ്യം എളുപ്പമല്ലെന്ന് ജൂതരാഷ്ട്രത്തിനു ബോധ്യപ്പെട്ടതിന്റെ തെളിവായിരുന്നു പത്തുദിവസം കഴിഞ്ഞുവന്ന യു.എൻ സെക്യൂരിറ്റി കൗൺസിലിന്റെ വെടിനിർത്തൽ പ്രമേയം. ആ പ്രമേയം ആദ്യം തള്ളിയത് ഹമാസായിരുന്നുവെന്നത് സംഘടനയുടെ ആത്മവിശ്വാസത്തിന്റെ മറ്റൊരു തെളിവ്. അമേരിക്ക ചില അറബ് ഭരണകൂടങ്ങളുടെ ഒത്താശയോടെ ചുട്ടെടുത്ത പൊളിവാചകങ്ങൾ ഫലസ്തീനികളുടെ യഥാർഥ പ്രശ്നം പരിഹരിക്കാൻ പര്യാപ്തമല്ലെന്ന്, ശക്തമായ ബോംബുവർഷങ്ങൾക്കിടയിലും ഹമാസ് തുറന്നടിച്ചു. ഗസ്സയിൽ യു.എൻ സേനയെ വിന്യസിക്കാൻ മെനക്കെടേണ്ടതില്ലെന്നും, യു.എൻ സേന എന്നും എവിടെയും അധിനിവേശത്തെ സംരക്ഷിച്ചുനിർത്താനുള്ള ഉപകരണം മാത്രമാണെന്നും ഹമാസ് വ്യക്തമാക്കി. ഹമാസ് സ്വീകരിക്കുകയില്ലെന്നു ബോധ്യപ്പെട്ടപ്പോഴാണ് ഇസ്രയേലും വെടിനിർത്തൽ കരാർ 'തള്ളിക്കള'ഞ്ഞതും, അമേരിക്ക തങ്ങൾ തന്നെയുണ്ടാക്കിയ കരാറിന്റെ വോട്ടെടുപ്പിൽ നിന്നു വിട്ടുനിന്നതും.

### ജനപ്രീതി വർധിച്ചു

സിവിലിയന്മാരെ കൊന്ന് ഫലസ്തീനികളെ ഹമാസിനെതിരെ തിരിക്കുക, ലോകജനാഭിപ്രായം ഹമാസിനെതിരെയാക്കുക എന്നീ സിയോണിസ്റ്റ് ലക്ഷ്യങ്ങളാണ് അതിനെക്കാൾ പിഴച്ചത്. ആയിരത്തിലധികം സിവിലിയന്മാർ, അതും പകുതിയോളം സ്ത്രീകളും കുട്ടികളും ക്രൂരമായി വധിക്കപ്പെട്ടിട്ടും ഗസ്സയിലെ ഒരൊറ്റ ഫലസ്തീനിയും ഹമാസിനെതിരെ ഒരക്ഷരം പറഞ്ഞില്ല. 'ഹമാസ് വിളിച്ചുവരുത്തിയ വിന' എന്ന് പ്രസ്താവന നടത്തിയ ഫലസ്തീൻ പ്രസിഡണ്ട് മഹ്മൂദ് അബ്ബാസിനു പൊടുന്നനെ വാക്കുമാറ്റി ഗസ്സക്കാരുടെ 'മശിഹ'യായി

പ്രത്യക്ഷപ്പെടേണ്ടിവന്നു. 'ഞങ്ങൾ പറയുന്നത് കേൾക്കാതിരുന്നവർ ഇനി സ്വന്തത്തെ ആക്ഷേപിച്ചാൽ മതി' എന്ന് പ്രസ്താവനയിറക്കിയ ഈജിപ്ത് വിദേശകാര്യമന്ത്രി അഹ്മദ് അബുൽ ഹൈത്വും മണിക്കൂറുകൾക്കകം മലക്കം മറിഞ്ഞു. ഗസ്സയിലെ 15 ലക്ഷം ജനങ്ങളും ഹമാസിന്റെ കീഴിൽ ഒറ്റക്കെട്ടാണെന്നു തെളിയിക്കുന്ന സംഭവങ്ങളാണ് ഗസ്സയിലുടനീളം ലോകം കണ്ടത്. എന്നു മാത്രമല്ല മഹ്മൂദ് അബ്ബാസിന്റെ ഒപ്പമെന്നു കരുതപ്പെട്ട വെസ്റ്റ് ബാങ്കിലെ ജനങ്ങളും ഗസ്സക്ക് വേണ്ടി തെരുവിലിറങ്ങി ജൂതപ്പട്ടാളത്തെ ആക്രമിച്ചു. ഗസ്സയിലെ 'അൽ ഫത്ഹ്' പോരാളികളും ഹമാസിനോടൊപ്പം നിന്നു പൊരുതുകയാണ്. 'അൽ ജിഹാദി'ന്റെ നിലപാടും വ്യത്യസ്തമല്ല.

ഫലസ്ത്വീനു പുറത്താവട്ടെ, കഴിഞ്ഞ 60 വർഷത്തെ ചരിത്രത്തിൽ മുമ്പൊന്നുമില്ലാത്തവിധം മുസ്‌ലിം സമൂഹം വമ്പിച്ച പ്രതിഷേധ പ്രകടനങ്ങളുമായി തെരുവിലിറങ്ങി. ഇസ്രയേൽ, അമേരിക്ക, ഈജിപ്ത് എന്നീ രാഷ്ട്രങ്ങളുടെ എമ്പസികൾക്കുനേരെ അവർ രോഷം ചൊരിഞ്ഞു. പതിനഞ്ചും ഇരുപതും ലക്ഷം പേർ അണിനിരന്ന പ്രകടനങ്ങളാണ് പലയിടത്തും നടന്നത്. അറബ് രാജ്യങ്ങളിൽ മാത്രമല്ല ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലും ശക്തമായ പ്രതിഷേധങ്ങൾ അലയടിച്ചത് ദൃശ്യമാധ്യമങ്ങൾ തൽസമയം സംപ്രേഷണം ചെയ്തു. ചുരുക്കത്തിൽ, ഒറ്റപ്പെടുകയല്ല ഫലസ്ത്വീൻ പ്രശ്നത്തിന്റെ കേന്ദ്രബിന്ദു ഹമാസ് എന്ന ഇസ്‌ലാമിക പ്രസ്ഥാനമായിത്തീരുന്നു എന്നതാണ് ഏറ്റവും പുതിയ സ്ഥിതിവിശേഷം.

ഹമാസിനെ ഒറ്റപ്പെടുത്താൻ ഫലസ്ത്വീന്റെ ചില അയൽ രാഷ്ട്രങ്ങൾ ശ്രമിച്ചെങ്കിലും അവർ സ്വയം ഒറ്റപ്പെടുന്നതാണ് കണ്ടത്. തുർക്കി, ഖത്തർ എന്നീ രാഷ്ട്രങ്ങൾ ശക്തമായി ഹമാസനുകൂല നിലപാടുകൾ സ്വീകരിച്ചപ്പോൾ സുഡാൻ, ഇറാൻ, സിറിയ, യമൻ തുടങ്ങിയ രാജ്യങ്ങളും ഒപ്പം ചേർന്നു. അറബ് ലീഗ് സെക്രട്ടറി അംറ് മൂസ പോലും നല്ലൊരളവോളം ഹമാസിന്റ കൂടെനിന്നു. പ്രശ്നം പരിഹരിക്കാൻ അമേരിക്ക വിളിച്ചുചേർത്ത അറബ് നേതാക്കളുടെ യോഗത്തിലേക്ക് ഖത്തറിനും അംറ് മൂസാക്കും ക്ഷണം ലഭിക്കാതിരുന്നതും അതുകൊണ്ടാണ്. ഈജിപ്തും ഫ്രാൻസും ചേർന്ന് രൂപപ്പെടുത്തിയ വെടിനിർത്തൽ കരാർ ഹമാസ് മുഖവിലക്കെടുക്കാതിരിക്കുകയും തുർക്കി മുൻകൈയെടുത്തുണ്ടാക്കിയ കരാർ പരിഗണിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തത്, തുർക്കിയുടെ ഹമാസ് അനുകൂല നിലപാടിനെക്കുറിക്കുന്നതായിരുന്നു. ഈജിപ്ത് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളിൽ തുർക്കിയെ കൂടി സഹകരിപ്പിക്കുവാൻ നിർബന്ധിതമായി. ഇസ്രയേൽ അമ്പാസഡറെ പുറത്താക്കി, ഇസ്രയേൽ-അമേരിക്കൻ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുന്ന അറബ് ഭരണാധികാരികളുടെ തുണിയുരിഞ്ഞ വെനിസ്വേലയുടെ നടപടികൂടി വന്നതോടെ ഹമാസ് വിരുദ്ധ അറബ് ഭരണകൂടങ്ങൾക്ക് പ്രത്യക്ഷത്തിലെങ്കിലും നിലപാടുമാറ്റാതെ നിൽക്കക്കള്ളിയില്ലാതായി.

> **ഫലസ്ത്വീനു പുറത്താവട്ടെ, കഴിഞ്ഞ 60 വർഷത്തെ ചരിത്രത്തിൽ മുമ്പൊന്നുമില്ലാത്തവിധം മുസ്‌ലിം സമൂഹം വമ്പിച്ച പ്രതിഷേധ പ്രകടനങ്ങളുമായി തെരുവിലിറങ്ങി. ഇസ്രയേൽ, അമേരിക്ക, ഈജിപ്ത് എന്നീ രാഷ്ട്രങ്ങളുടെ എമ്പസികൾക്കുനേരെ അവർ രോഷം ചൊരിഞ്ഞു. പതിനഞ്ചും ഇരുപതും ലക്ഷം പേർ അണിനിരന്ന പ്രകടനങ്ങളാണ് പലയിടത്തും നടന്നത്.**




### എന്തുകൊണ്ട് ഹമാസ് ?

ഇസ്രയേലും അമേരിക്കയും അറബ് സ്വേഛാധിപതികളും എന്തുകൊണ്ട് ഹമാസിനെ ഉന്നംവെക്കുന്നു എന്ന ചോദ്യത്തിന്റെ ഉത്തരം ലളിതമാണ്. പി.എൽ.ഒയും ഫത്ഹുമല്ല ഹമാസ്. പൊള്ളയായ അറബ് ദേശീയതയിലല്ല, ശക്തമായ ഇസ്‌ലാമികാദർശാടിത്തറയിലാണത് കെട്ടിപ്പടുക്കപ്പെട്ടത്. തങ്ങളുടെ പ്രതിബദ്ധത അല്ലാഹുവിനോടുമാത്രമാണെന്നും ഇസ്‌ലാമിനെ തങ്ങൾ ഒരു ജീവിത പദ്ധതിയായാണ് സ്വീകരിച്ചിട്ടുള്ളതെന്നും, ഫലസ്ത്വീനിന്റെ ഓരോ ചാണിലും അല്ലാഹുവിന്റെ പതാകയുയർത്താനാണ് തങ്ങൾ പ്രവർത്തിക്കുകയെന്നും ഇസ്‌ലാമിന്റെ തണലിലാണ് ഫലസ്ത്വീനിലെ വിവിധ ജനവിഭാഗങ്ങൾക്ക് സമാധാനപൂർവം സഹവർത്തിച്ച് ജീവിക്കാൻ കഴിയുക എന്നും അതിന്റെ ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1948-ൽ ഇസ്രയേൽ രാഷ്ട്രപ്രഖ്യാപനം വന്നപ്പോൾ അതിനെതിരെ ജിഹാദ് ചെയ്ത ഈജിപ്തിലെ അൽ ഇഖ്വാനുൽ മുസ്‌ലിമൂനാണ് ഹമാസിന്റെ മാതൃസംഘടന. 1930-കൾ തൊട്ടേ ഫലസ്ത്വീൻപ്രശ്നത്തിൽ ശക്ത

മായി ഇടപെടുകയും '48 ൽ ജിഹാദിന് ആഹ്വാനം ചെയ്ത് ഫലസ്തീനിലേക്ക് പോരാളികളെ അയച്ച് ഇസ്രയേൽ രാഷ്ട്രത്തിനു തുടക്കത്തിലേ തിരിച്ചടി നൽകുകയും ചെയ്ത ഇഖ്‌വാന്റെ ശക്തി അന്നേ സയണിസ്റ്റുകൾക്കും പിണിയാളുകൾക്കും ബോധ്യപ്പെട്ടതായിരുന്നു. യുദ്ധമുഖത്തുള്ള ഔദ്യോഗിക അറബ് സൈന്യങ്ങളേക്കാൾ പതിന്മടങ്ങ് ശക്തിയാണ് ഇസ്രയേൽ ഇഖ്‌വാനികളിൽ കണ്ടത്. ആയുധ ശക്തിയല്ല, പരാജയപ്പെടുത്താൻ കഴിയാത്ത ആദർശശക്തിയാണത് എന്നും അവർ തിരിച്ചറിഞ്ഞു. വിജയം അല്ലെങ്കിൽ രക്തസാക്ഷ്യം എന്ന സ്വപ്നവുമായി പൊരുതിയ ഇഖ്‌വാനികൾക്കു മുമ്പിൽ ജൂതപ്പട്ടാളം പതറി. പിടിച്ചുനിൽക്കാൻ കഴിയാതെ വന്നപ്പോൾ സാമ്രാജ്യത്വശക്തികൾ ഇടപെട്ട് അറബ് രാഷ്ട്രങ്ങളെ വെടിനിർത്തൽ കരാറിന് നിർബന്ധിക്കുകയായിരുന്നു. ആ യുദ്ധത്തിലെ പ്രകടനമാണ് പിന്നീട് ഇഖ്‌വാന്റെ നിരോധനത്തിലും ഇമാം ഹസനുൽ ബന്നായുടെ വധത്തിലും കലാശിച്ചത്.

'48-ലെ അനുഭവങ്ങൾ കരുതിവെച്ച സംഘടന ഫലസ്തീനിൽ കൂടുതൽ ആസൂത്രണത്തോടെ അടിത്തട്ടുകളിൽ പ്രവർത്തനം തുടങ്ങി. അറബ് ദേശീയതക്കു പകരം ഇസ്‌ലാമികാദർശത്തിൽ അഭിമാനവും ആത്മവിശ്വാസവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ പദ്ധതികളുണ്ടാക്കി. അറബ് ദേശീയതയിലൂടെയല്ല, ഇസ്‌ലാമിലൂടെ മാത്രമേ ഫലസ്തീന്റെ മോചനം സാധ്യമാവൂ എന്ന് പുതിയ തലമുറയെ ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. '48 ലെയും '57 ലെയും യുദ്ധങ്ങളിൽ അറബികൾ പരാജയപ്പെട്ടത് ഇസ്‌ലാമിനു പകരം അറബ് ദേശീയതയെ ഉയർത്തിപ്പിടിച്ചതുകൊണ്ടായിരുന്നു. യുദ്ധങ്ങൾ നയിച്ച ജമാൽ അബ്ദുന്നാസിർ അവസാനകാലത്ത് അതു സമ്മതിച്ചു. 'നാം എന്തുകൊണ്ട് ഇസ്രയേലിനോട് പരാജയപ്പെട്ടു' എന്നു ചോദിച്ച അദ്ദേഹം അതിനു മറുപടിയും പറഞ്ഞു: "നമുക്ക് 'ഈമാൻ' കുറവായിരുന്നു". ബോധവത്കരണ പ്രവർത്തനങ്ങളോടൊപ്പം വിദ്യാഭ്യാസ സാമൂഹിക സേവന പ്രവർത്തനങ്ങൾക്കും ഇഖ്‌വാൻ ഊന്നൽ നൽകി. ഗസ്സയിൽ ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റി സ്ഥാപിച്ചു. ആതുരശുശ്രൂഷ കേന്ദ്രങ്ങളും സേവനസംരംഭങ്ങളും ആരംഭിച്ചു. അതോടൊപ്പം ഇസ്രയേൽ അധിനിവേശത്തിനെതിരെ പോരാടിക്കൊണ്ടിരിക്കുന്ന പി.എൽ.ഒക്ക് പിന്തുണ നൽകി.



ഇസ്മാഈൽ ഹനിയ്യ



സ്വലാഹ് ശഹാദ

**രണ്ടിലൊന്നാണ് സംഭവിക്കാനുള്ളത്. ഒന്നുകിൽ ഇസ്രയേൽ ആയിരങ്ങളെ കൊന്നൊടുക്കി ഗസ്സ പിടിച്ചെടുക്കും. അല്ലെങ്കിൽ കരയുദ്ധത്തിൽ ലക്ഷ്യം കാണാനാകാതെ 2006ൽ ലബനാനിൽ ഹിസ്ബുല്ലയുമായി സംഭവിച്ചതുപോലെ പിന്മാറും. രണ്ടു സംഭവിച്ചാലും അതിന്റെ ഗുണഭോക്താവ് ഹമാസും അതുവഴി ഇസ്‌ലാമുമായിരിക്കും. ഇസ്രയേൽ ആക്രമണങ്ങൾക്കു മുന്നിൽ പിടിച്ചുനിൽക്കാനാവാതെ വന്നാൽ ഹമാസ് പോരാളികൾ തൽക്കാലം പിന്മാറും. പക്ഷേ, അതു ശക്തമായൊരു തിരിച്ചുവരവിനുള്ള താൽകാലിക പിന്മാറ്റമായിരിക്കും.**

ആദ്യമാദ്യം ശക്തമായ പോരാട്ടങ്ങൾ നടത്തിയ പി.എൽ.ഒ ക്രമേണ തളരുകയും അതിലെ ഇസ്‌ലാമികാംശങ്ങളെ സെക്യുലരിസ്റ്റ് അംശങ്ങൾ അതിജയിക്കുകയും തുടർന്ന് സംഘടനയെ ഹൈജാക്ക് ചെയ്യുന്നതിൽ ശത്രുക്കൾ വിജയിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇസ്രയേലുമായി സമവായത്തിലേക്ക് നീങ്ങിത്തുടങ്ങുകയാണ് പി.എൽ.ഒ എന്നു ബോധ്യപ്പെട്ടപ്പോഴാണ് ഇഖ്‌വാൻ ഹമാസ് രൂപീകരിച്ചുകൊണ്ട് രംഗത്തുവരുന്നത്. 1987 ഡിസംബർ 14 ന് ശൈഖ് അഹ്മദ് യാസീൻ, ഡോ. അബ്ദുൽ അസീസ് റൻതീസി എന്നിവരുൾപ്പെടെ ഏഴുപേരുടെ നേതൃത്വത്തിൽ സംഘടന രംഗത്തുവന്നു. ഇൻതിഫാദ (ഉയിർത്തെഴുന്നേൽപ്) എന്ന് പേരിട്ടു കുട്ടികൾ ഇസ്രയേൽ പട്ടാളത്തിനു നേരെ കല്ലെറിഞ്ഞ സമരത്തിലൂടെയാണ് ഹമാസ് ചെറുത്തുനിൽപ്പ് ആരംഭിക്കുന്നത്.

'91-ൽ ഹമാസ്, അൽ ഖസ്സാം ബറ്റാലിയന് രൂപംനൽകി. ഫലസ്തീനിൽ അധിനിവേശ ശ്രമങ്ങൾക്കെതിരെ പൊരുതി 1935 ൽ രക്തസാക്ഷിയായ ശൈഖ് ഇസ്സുദ്ദീൻ അൽ ഖസ്സാമിന്റെ പേരിലായിരുന്നു പോരാളി ഗ്രൂപ്പുണ്ടാക്കിയത്. (ഇപ്പോൾ വികസിപ്പിച്ചെടുത്ത മിസൈലുകൾക്ക് ആ പേര് തന്നെയാണ് നൽകിയിട്ടുള്ളത്). കൽചീളുകളിൽ നിന്ന് പേരുകേട്ട ആയുധങ്ങളിലേക്ക് അൽഖസ്സാം വളർന്നു.

ഹമാസിനെ നശിപ്പിക്കാൻ കച്ചകെട്ടിയ ഇസ്രയേൽ അതിന്റെ മുൻനിര നേതാക്കളിൽ ഭൂരിഭാഗത്തെയും വധിച്ചു. അവർ കരുതിവെച്ചിരുന്ന ഏതാണ്ട് ആറ് നിരകളിലെ ആറ് തലമുറകളിലെ നേതാക്കൾ ഇതിനകം വധിക്കപ്പെട്ടു. ശൈഖ് അഹ്മദ് യാസീൻ. ഡോ. റൻതീസി, സ്വലാഹ് ശഹാദ, യഹ്‌യ അയാശ് എന്നിവർ അവരിൽപെടുന്നു.

ഹമാസിന്റെ പോരാട്ടത്തിൽ നിരന്തരം പതറേണ്ടിവന്ന ഇസ്രയേൽ തലയൂരാൻ നടത്തിയ ശ്രമങ്ങളായിരുന്നു യഥാർഥത്തിൽ ഗസ്സ, വെസ്റ്റ് ബാങ്ക് പ്രദേശങ്ങളിൽ സ്വയംഭരണം നൽകി പി.എൽ.ഒയുമായുണ്ടാക്കിയ ഉടമ്പടി. ഹമാ

സിനെ നശിപ്പിക്കാൻ പി.എൽ.ഒയെ ഏൽപിക്കുന്ന നടപടികൂടിയായിരുന്നു അത്. അങ്ങനെ, ഇൻതിഫാദയെ തളക്കുന്ന ജോലി യാസിർ അറഫാത്ത് ഏറ്റെടുത്തു. ഫലസ്ത്വീനിൽ ആഭ്യന്തര ശൈഥില്യമുണ്ടാക്കാൻ ശത്രുക്കൾ ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. പി.എൽ.ഒയുമായി ഏറ്റുമുട്ടലുകൾ ഒഴിവാക്കണമെന്നു തുടക്കത്തിലേ തീരുമാനിച്ച ഹമാസ് അതുകൊണ്ടുതന്നെ 'ഇൻതിഫാദ'യുടെ ശക്തി കുറച്ചു.

എന്നാൽ, ഹമാസ് നേരത്തെ പറഞ്ഞത് പി.എൽ.ഒക്കും അറഫാത്തിനും ബോധ്യപ്പെടാൻ അൽപം സമയമെടുത്തുവെന്നേയുണ്ടായിരുന്നുള്ളൂ. കരാറുകൾ ലംഘിക്കുക എന്നത് ജൂതന്മാരുടെ സ്വഭാവമായാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത് എന്ന് ഹമാസും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും പറഞ്ഞുകൊണ്ടിരുന്നതാണ്. അതുതന്നെ സംഭവിച്ചു. സ്വയംഭരണം നൽകിയ പ്രദേശങ്ങളിലൊക്കെയും ഇസ്രയേൽ പട്ടാളവും യുദ്ധവിമാനങ്ങളും ടാങ്കുകളും പലപ്പോഴും അതിക്രമിച്ചുകയറി ആക്രമിച്ചു. കരാറുകളിലെ മുഴുവൻ വ്യവസ്ഥകളും നിരന്തരം ലംഘിച്ചു. അറഫാത്തിനുപോലും സഹിക്കാനാവുന്നതിലുപരിയായിരുന്നു ആ അതിക്രമങ്ങൾ. അതോടെ അദ്ദേഹവും ഇടഞ്ഞു. കരാറിനു കൈകൊടുത്ത അറഫാത്തിന്റെ വസതിപോലും ഇസ്രയേൽ ആക്രമിച്ചു തകർത്തു. അവസാനം ആ അറഫാത്തിനെയും ഇസ്രയേൽ കൊല്ലാതെ കൊന്നു.

അറഫാത്തിന്റെ പിൻഗാമിയായി വന്ന മഹ്മൂദ് അബ്ബാസിനുള്ളതാണ് ഫലസ്ത്വീൻ ചരിത്രത്തിലെ ഏറ്റവും വലിയ ഒറ്റുകൊടുപ്പുകാരൻ എന്ന 'ഖ്യാതി'. ഹമാസിനോട് ജനാധിപത്യ പ്രക്രിയയിലേക്ക് വരൂ, തെരഞ്ഞെടുപ്പിൽ പങ്കെടുക്കൂ എന്നായിരുന്നു പി.എൽ.ഒയുടെയും അറബ് ഭരണകൂടങ്ങളുടെയും അമേരിക്ക, യൂറോപ്പ് തുടങ്ങിയ ജനാധിപത്യത്തിന്റെ അപ്പോസ്തലന്മാരുടെയും നിരന്തര ഉപദേശം. ഹമാസ് അതിനു തയാറായി. 2005 ലെ തെരഞ്ഞെടുപ്പിൽ പങ്കെടുത്തു. ഭാവിയിൽ പി.എൽ.ഒയുമായി സഹകരിച്ച് പോകണമെന്നാഗ്രഹിച്ച് മുഴുവൻ സീറ്റിലും മത്സരിച്ചില്ല. എന്നിട്ടും 76 സീറ്റ് നേടി ഒന്നാം സ്ഥാനത്തെത്തി. ഹമാസിന്റെ ഇസ്മാഈൽ ഹനിയ്യ പ്രധാനമന്ത്രിയായി. പി.എൽ.ഒയെയും അധികാരത്തിൽ പങ്കാളിയാക്കി.

പക്ഷേ, ഒത്തുപോകാൻ മഹ്മൂദ് അബ്ബാസും കൂട്ടരും തയാറില്ലായിരുന്നു. തർക്കങ്ങളിൽ പലപ്പോഴും പരിഹാരങ്ങളും കരാറുകളുമുണ്ടായി. ഒടുവിലത്തേത് 2007 മാർച്ചിലെ മക്കാ കരാറായിരുന്നു. അതുൾപ്പെടെ മുഴുവൻ കരാറുകളും മഹ്മൂദ് അബ്ബാസ് തള്ളിക്കളഞ്ഞു. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഹമാസിനെയും ഹനിയ്യയെയും അധികാരത്തിൽനിന്ന് പുറത്താക്കി. അവിടെയും അവസാനിപ്പിക്കാതെ ഹമാസിന്റെ ശക്തികേന്ദ്രമായ ഗസ്സയിൽ പിടിമുറുക്കി ഹമാസ് പോരാളികളെ ശാരീരികമായി ഉന്മൂലനം ചെയ്യാൻ നടപടികളാരംഭിച്ചു. ഇസ്രയേലും അമേരിക്കയും ഒരറബ് ഭരണകൂടവും സഹായിച്ചു. അവർ മൂന്നുകൂട്ടരുടെയും ആയുധങ്ങൾ ഗസ്സയിൽ കൊണ്ടുവന്നു നിറച്ചു. ഈ നിർണായക സന്ദർഭത്തിലാണ്, ഇനിയും നോക്കിനിന്നാൽ ഫത്ഹ് തങ്ങളുടെ കഥ കഴിക്കും എന്നു തിരിച്ചറിഞ്ഞ ഹമാസ്, ഗസ്സ പിടിച്ചെടുക്കുന്നത്. ആയുധങ്ങളും പിടിച്ചെടുത്തു. ഫത്ഹിന്റെ ഗൂഢാലോചനകളുടെ രേഖകളും കണ്ടെടുത്തു. ആ രേഖകൾ ഹമാസിനെ മാത്രമല്ല മറ്റു പലരെയും നശിപ്പിക്കാൻ ഫത്ഹ് നേതാക്കൾ ആരുമായൊക്കെ ധാരണയിലെത്തി എന്നു വിളിച്ചുപറയുന്നതായിരുന്നു. തങ്ങൾ ഗസ്സ പിടിച്ചടക്കിയതിനെ വിമർശിച്ച അറബ് ഭരണകൂടങ്ങൾക്ക് ഹമാസ് ആ രേഖകളിൽ ചിലതു കൈമാറിയതോടെയാണ് അവർക്ക് നാവടക്കേണ്ടിവന്നത്. ഇന്നും ആ രേഖകൾ മുഴുവൻ ഹമാസ് പുറത്തുവിട്ടിട്ടില്ല.

ഹമാസ് ഗസ്സ പിടിച്ചതിനെത്തുടർന്ന് കഴിഞ്ഞ 18 മാസങ്ങളായി ഇസ്രയേലും മഹ്മൂദ് അബ്ബാസും ഈജിപ്തുമെല്ലാം ഒത്തുചേർന്ന് ഗസ്സയിലെ 15 ലക്ഷം ജനങ്ങളെ പട്ടിണിക്കിടുകയായിരുന്നു. എന്നിട്ടും ലക്ഷ്യംനേടാൻ കഴിയാതെ വന്നപ്പോഴാണ് കഴിഞ്ഞ ഡിസംബർ 27 ന് ഇസ്രയേൽ ആക്രമണം ആരംഭിച്ചത്.

അന്തിമ വിശകലനത്തിൽ രണ്ടിലൊന്നാണ് സംഭവിക്കാനുള്ളത്. ഒന്നുകിൽ ഇസ്രയേൽ ആയിരങ്ങളെ കൊന്നൊടുക്കി ഗസ്സ പിടിച്ചെടുക്കും. അല്ലെങ്കിൽ കരയുദ്ധത്തിൽ ലക്ഷ്യം കാണാനാകാതെ 2006ൽ ലബനാനിൽ ഹിസ്ബുല്ലയുമായി സംഭവിച്ചതുപോലെ പിന്മാറും. ഹിസ്ബുല്ല ശീഈ സംഘടനയായതിനാൽ ഇറാന്റെ ശക്തമായ പിന്തുണയും സിറിയ വഴി ഇറാന്റെ ആയുധങ്ങളും ലഭിച്ചിരുന്നു. ചെറുത്തുനിൽപ്പ് വിജയിക്കുന്നതിൽ അതു നല്ല പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ഹമാസിനെ ആ വിധം പിന്തുണക്കാൻ ഒരൊറ്റ സുന്നി രാഷ്ട്രവും ലോകത്തില്ല. ഫത്ഹിൽ നിന്ന് പിടിച്ചെടുത്ത ഇസ്രയേൽ-അമേരിക്കൻ ആയുധങ്ങളും, പിന്നെ അവർ തന്നെ വെറും ഇരുമ്പുതകിടുകൾ കൊണ്ട് വികസിപ്പിച്ചെടുത്ത മിസൈലുകളും മാത്രമാണ് അവരുടെ ആയുധസമ്പത്ത്.

രണ്ടു സംഭവിച്ചാലും അതിന്റെ ഗുണഭോക്താവ് ഹമാസും അതുവഴി ഇസ്‌ലാമുമായിരിക്കും. ഇസ്രയേൽ ആക്രമണങ്ങൾക്കു മുന്നിൽ പിടിച്ചുനിൽക്കാനാവാതെ വന്നാൽ ഹമാസ് പോരാളികൾ തൽക്കാലം പിന്മാറും. പക്ഷേ, അതു ശക്തമായൊരു തിരിച്ചുവരവിനുള്ള താൽകാലിക പിന്മാറ്റമായിരിക്കും. ഇറാഖിലും അഫ്ഗാനിസ്ഥാനിലും അമേരിക്ക സൈനികമായി ജയിച്ചുവെങ്കിലും ജയിച്ചുവെന്നാരും ഇപ്പോൾ പറയുന്നില്ലല്ലോ. അന്നാടുകളിലെ ചെറുത്തുനിൽപ്പുകൾ പൂർവ്വാധികം ശക്തിയോടെ തുടരുന്നതാണ് കാരണം. ആ ചെറുത്തുനിൽപ്പുകളെക്കാൾ പതിന്മടങ്ങ് ശക്തമായിരിക്കും ഹമാസിന്റെ അടുത്ത ഇൻതിഫാദ. ■

drsalam@aljamia.net